**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 924** — **25/01/2018-ൽ മറുപടിയ്ക്ക്.**

**മായം കലർന്ന പാൽ പരിശോധിക്കുന്നതിന് സംവിധാനം**

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ.കെ രാജു (വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഉപയോഗിക്കുന്ന മായം കലർന്ന പാലും പാലുത്പന്നങ്ങളും പരിശോധിക്കുന്ന സംവിധാനത്തെക്കുറിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി എല്ലാ ജില്ലകളിലും ഒരു ക്വാളിറ്റി കൺട്രോൾ ഓഫീസറുടെ നേതൃത്വത്തിലുള്ള ലബോറട്ടറി സൗകര്യത്തോടുകൂടിയ ഗുണനിയന്ത്രണ വിഭാഗം പ്രവർത്തിച്ചു വരുന്നു. ക്ഷീരസഹകരണ സംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുക. മാർക്കറ്റിൽ ലഭ്യമായ കവറുപാലുകളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുക എന്നിവ ജില്ലാ ഗുണനിയന്ത്രണ ഓഫീസുകൾ മുഖേന നടത്തി വരുന്നു. കൂടാതെ ആലത്തൂരിൽ ഒരു റീജിയണൽ ഡെയറി ലാബ് പ്രവർത്തിച്ചു വരുന്നു. കോട്ടയം, കാസർഗോഡ് എന്നിവിടങ്ങളിലും റീജിയണൽ ലാബുകളുടെ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുന്നതാണ്.<br>NABL അക്രഡിറ്റേഷനോടുകൂടിയ സ്റ്റേറ്റ് ഡെയറി ലാബ് തിരുവനന്തപുരം പട്ടത്ത് പ്രവർത്തിച്ചു വരുന്നു.<br>ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് പാലക്കാട്ടെ മീനാക്ഷിപുരത്ത് സ്ഥിരം പാൽ പരിശോധനാ ലബോറട്ടറി പ്രവർത്തിച്ചുവരുന്നു. ആര്യങ്കാവിലും പാറശ്ശാലയിലും നടപ്പുവർഷം തന്നെ ചെക്ക്പോസ്റ്റുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br>സംസ്ഥാനത്ത് ഉപയോഗിക്കുന്ന പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാവകുപ്പ് ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ |

അനലറ്റിക്കൽ ലാബിൽ പരിശോധന നടത്തുന്നുണ്ട്. കൂടാതെഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള മൂന്ന് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിന്റെ സേവനവും ചെക്ക് പോസ്റ്റുകൾ ഉൾപ്പെടെ പരിശോധനയ്ക്കായി വിനിയോഗിക്കുന്നുണ്ട്.

(ബി) 2015 ജനുവരി മുതൽ സംസ്ഥാനത്ത് ലഭ്യമാകുന്ന പാലുൽപാദനത്തെക്കുറിച്ചുള്ള വിവരം ലഭ്യമാക്കുമോ ?

(ബി) സംസ്ഥാനത്ത് പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾ മുഖേന സംഭരിക്കുന്ന പാലിന്റെ കണക്ക് മാത്രമാണ് കൃത്യമായി ലഭ്യമായിട്ടുള്ളത് 2015 ജനുവരി മുതൽ 2017 ഒക്ടോബർ വരെയുള്ള പാലിന്റെ സംഭരണം ചുവടെ ചേർക്കുന്നു.

| **വർഷം** | **മാസം** | **ആകെ പാൽ അളവ് (ലിറ്റർ)** |
|---|---|---|
| 2015 | ജനുവരി | 48587866 |
| | ഫെബ്രുവരി | 42925951 |
| | മാർച്ച് | 47049095 |
| | ഏപ്രിൽ | 46677903 |
| | മെയ് | 51319469 |
| | ജൂൺ | 49998245 |
| | ജൂലൈ | 51359240 |
| | ആഗസ്റ്റ് | 49299276 |
| | സെപ്റ്റംബർ | 48495820 |
| | ഒക്ടോബർ | 50323740 |
| | നവംബർ | 49980939 |
| | ഡിസംബർ | 49945967 |
| 2016 | ജനുവരി | 50453998 |
| | ഫെബ്രുവരി | 47519022 |
| | മാർച്ച് | 49196502 |
| | ഏപ്രിൽ | 47282044 |
| | മെയ് | 50656668 |
| | ജൂൺ | 50443422 |
| | ജൂലൈ | 50851618 |
| | ആഗസ്റ്റ് | 50450463 |
| | സെപ്റ്റംബർ | 48914264 |
| | ഒക്ടോബർ | 51391490 |
| | നവംബർ | 51265438 |
| | ഡിസംബർ | 51622292 |
| 2017 | ജനുവരി | 50564379 |
| | ഫെബ്രുവരി | 44253637 |
| | മാർച്ച് | 48426733 |
| | ഏപ്രിൽ | 48864210 |
| | മെയ് | 55430807 |
| | ജൂൺ | 55170167 |
| | ജൂലൈ | 56416369 |
| | ആഗസ്റ്റ് | 56706921 |

| | | |
|---|---|---|
| | സെപ്റ്റംബർ | 55334146 |
| | ഒക്ടോബർ | 56288985 |

(സി) മായം കലർന്ന പാൽ കണ്ടെത്തുന്ന മാർഗ്ഗങ്ങളെക്കുറിച്ചുള്ള വിവരം ലഭ്യമാക്കുമോ; മായം കണ്ടെത്തിയ പാൽ നശിപ്പിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) ചെക്ക്പോസ്റ്റുകളോടനുബന്ധിച്ച് ലാബുകൾ ക്രമീകരിച്ച് രാസപരിശോധന നടത്തിയാണ് അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന മായം കലർന്ന പാൽ ക്ഷീരവികസനവകുപ്പ് കണ്ടെത്തുന്നത്. കൂടാതെ ജില്ലാ തലത്തിൽ ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ഓരോ ജില്ലയിലും വിറ്റഴിക്കപ്പെടുന്ന വിവിധ ബ്രാന്റ് പാൽ അതാതു ലാബുകളിൽ പരിശോധിച്ചു തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്ക് ലഭിക്കുന്ന പാൽ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് റെഗുലേഷൻ 2011 നിഷ്കർഷിക്കുന്ന സ്റ്റാർഡേർഡ്സ് അനുസരിച്ചാണോ എന്ന് International Method (IS) വഴി പരിശോധിച്ചാണ് മായം കലർന്നത് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുന്നത്.

അതിർത്തി ചെക്ക് പോസ്റ്റിൽ നടത്തുന്ന തത്സമയ പരിശോധനയിൽ ഗുണനിലവാരം ഇല്ലെന്ന് കണ്ടെത്തിയാൽ ടി പാൽ സംസ്ഥാനത്തിനകത്തേക്ക് ഭക്ഷ്യസുരക്ഷാ വകുപ്പ് കടത്തിവിടാറില്ല.

(ഡി) പാലിൽ മായം കലർത്തി വില്പന നടത്തുന്നവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

(ഡി) ഭക്ഷ്യസുരക്ഷാ വകുപ്പ് തിരുവനന്തപുരം ജില്ലയിൽ നിന്നും ശേഖരിച്ച സാമ്പിളുകളിൽ പരിശോധന നടത്തിയതിൽ ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയ 8 ബ്രാൻഡുകൾക്കെതിരെയും കൊല്ലം ജില്ലയിലെ 2 ബ്രാൻഡുകൾക്കെതിരെയും പത്തനംതിട്ട ജില്ലയിൽ ഒരു ബ്രാൻഡിനെതിരയും ഇടുക്കി ജില്ലയിലെ 2 ബ്രാൻഡുകൾക്കെതിരെയും എറണാകുളം ജില്ലയിലെ 6 ബ്രാൻഡുകൾക്കെതിരെയും തൃശ്ശൂർ ജില്ലയിലെ 4 ബ്രാൻഡുകൾക്കെതിരെയും പാലക്കാട് ജില്ലയിലെ ഒരു ബ്രാൻഡിനെതിരെയും Adjudication നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിൽ 4 ബ്രാൻറുകൾ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ പിഴ ചുമത്തിയിട്ടുള്ളതുമാകുന്നു.

സെക്ഷൻ ഓഫീസർ.